## MESSAGE FROM THE SECRETARY

പ്രിയരെ,

തങ്ങളുടെ കൂട്ടത്തിൽ ആരെയാകുന്നു വലിയവനായി എണ്ണേണ്ടതു എന്നതിനെ ചൊല്ലി ഒരു തർക്കം യേശുവിന്റെ ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായി,

മനുഷ്യരായിക്കൊള്ളട്ടെ, മൃഗങ്ങളായിക്കൊള്ളട്ടെ, എല്ലാ ജീവസമൂഹങ്ങളിലും ഈ തർക്കം കാലാകാലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ തർക്കത്തിന്റേയും മത്സരത്തിന്റേയും ഇടയിൽ, ബലാബലവും, ബുദ്ധിയും കുബുദ്ധിയും, തന്ത്രവും കുതന്ത്രവും, പ്രീണനവും പീഡനവും ഒക്കെ, സൗകര്യപൂർവ്വം, തരാതരം ഉപയോഗിച്ചുവരുന്നു. വളരെ പരിഷ്കൃതർ എന്ന് കരുതുന്ന ഇന്നത്തെ ജനസമൂഹവും നേതൃതർക്കത്തിനിടയിൽ അപരിഷ്കൃതരെപോലെ പെരുമാറുന്നു. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു സമൂഹത്തെ ചൂണ്ടികാണിക്കുക എന്നത് നാൾക്കുനാൾ അസാധ്യമായി തീർന്നുക്കൊണ്ടിരിക്കുന്നു.

നമ്മുടെ മാതൃരാജ്യം ഇപ്പോൾ ഒരു തിരഞ്ഞെടുപ്പിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. വിവിധ സഭാവിഭാഗങ്ങളിലും ഇടവകകളിലും തിരഞ്ഞെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. ഈ തിരഞ്ഞെടുപ്പുകളിലൊക്കെ മാന്യതയോടും മര്യാദയോടും കൂടി പെരുമാറുവാൻ ഏവർക്കും കഴിയട്ടെ എന്ന് ആശിക്കുന്നു. നേതൃപദവിയിൽ എത്തുവാൻ ഇച്ഛിക്കുന്നവനെല്ലാം ദാസന്മാർ ആയിരിക്കേണ്ടുന്ന ആവശ്യകതയാണ് ഹാശാ ആഴ്ച്ച ആചരിക്കുന്ന ഈ വേളയിൽ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ദാസരെപ്പോലെ ജനസേവനം നടത്തേണ്ടുന്ന ജനപ്രതിനിധികൾ, വേദപുസ്തകത്തിൽ പ്രതിപാദിക്കുന്നതുപോലെ, നേതാക്കന്മാരായി അധികാരം നടത്തുകയും, ഫ്ളെക്സ് ബോർഡുകൾ വെച്ച് ഉപകാരികൾ എന്ന് സ്വയം വിളംബരം ചെയ്യുകയും ചെയ്യുന്നു.

എന്നാൽ കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചത് എന്തെന്നാൽ;

നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും, നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം. നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.



കേവലം മനുഷ്യ മൃഗ ചിന്തകൾക്ക് പൊരുത്തപ്പെടുവാൻ സാധിക്കാത്ത ദൈവ വചനങ്ങൾ.

കാലത്തിന്റെ കുത്തൊഴുക്കിൽ, പുതിയ രാഷ്ട്രീയ, സാമൂഹ്യ, ആത്മീയ, നവോത്ഥാന ചിന്തകൾ എത്ര വേണമെങ്കിലും ഉടലെടുത്തുകൊള്ളട്ടെ, കർത്താവായ യേശുക്രിസ്തുവിന്റെ തിരുവചനങ്ങളോളം ഉത്തമം ആയ വചനങ്ങൾ മറ്റൊന്നുണ്ടാകില്ല. മഹത്തരമായ ഈ തിരുവചനങ്ങൾ നമ്മെ എല്ലാക്കാലത്തും നിരന്തരം വഴി നടത്തട്ടെ എന്ന പ്രത്യാശയോടെ,

ജോസ് ലൂക്കോസ് നെല്ലിവിള
ഇടവക സെക്രട്ടറി

***Contact Number:***
*055 - 474 7468, 050 - 553 8163,*
*e-mail: josenellivila@hotmail.com / josenellivila@yahoo.com*